(ഇ) ഉണ്ട്. ഇപ്പോഴത്തെ ഗതാഗതക്കുരുക്ക് താൽക്കാലികമാണ്. പാളയത്തെ കടക്കാരെ പുനരധിവസിപ്പിക്കുന്ന നടപടി പുരോഗമിക്കുന്നു. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടെ ഇതിനു പരിഹാരം കാണാൻ കഴയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഇല്ല. അടിപ്പാത പൂർണ്ണതോതിൽ ഉപയോഗയോഗ്യമാക്കിയതിന് ശേഷം പഠനം നടത്താവുന്നതാണ്.

കെ. എസ്. ടി. പി.-യുടെ പ്രോജക്ടുകൾ

92 [405] ശ്രീ. ടി. എം. ജേക്കബ്:

.. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പ്രോജക്ടിന്റെ പേരും തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കെ. എസ്. ടി. പി.-യുടെ പ്രവർത്തനത്തെക്കുറിച്ച് മാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ആക്ഷേപങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) & (ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ അടങ്കൽ തുക 336 മില്ല്യൻ അമേരിക്കൻ ഡോളർ (1612 കോടി രൂപ) ആണ്. കെ. എസ്. ടി. പി. സംസ്ഥാനത്ത് ഏകദേശം 600 കി. മീ. ദൂരം റോഡ് അപ്ഗ്രഡേഷനിലും ഏകദേശം 1000 കി. മീ. ദൂരം റോഡ് ഹെവി മെയിന്റനൻസിലും ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. 77 കി. മീ. ഉൾനാടൻ ജലഗതാഗത കനാലുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പൈലറ്റ് പ്രോജക്ടും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ വകുപ്പിനെ സുസജ്ജമാക്കുന്ന കർമ്മ പരിപാടിയും റോഡ് സുരക്ഷാ കർമ്മ പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഭൂമിവില നിർണ്ണയത്തിലെ അപാകതകൾ, അലൈൻമെന്റ് സംബന്ധിച്ച ആക്ഷേപങ്ങൾ, പുനരധിവാസ നടപടി സംബന്ധിച്ച പോരായ്മകൾ, ആർബിട്രേഷൻ അധികച്ചെലവ് മുതലായവയാണ്.

LIBRARY ARCHIVES Kerala Legislative Assembly